# പരി. ലാസലെറ്റ് മാതാവിന്റെ 175-ാം പ്രത്യക്ഷീകരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

**നിർദ്ദേശങ്ങൾ:-**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനായോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ എല്ലാ മാസത്തിലെ 19-ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ടേർത്ത് നടത്തുന്നതാണ് ഉത്തമം.)

## പ്രാരംഭഗാനം

നിത്യസഹായ നാഥേ.....

**ലീഡർ:** 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

## പ്രാരംഭ പ്രാർത്ഥന

**ലീഡർ:** നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175-ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരജ്ഞന സന്ദേശം ഉൾകൊ□ു കൊ□് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത്വ പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

ആമ്മേൻ.

**വചനവായന:** ഉൽപത്തി 16, 7-14

**നമുക്ക് ധ്യാനിക്കാം:- ധ്യാനചിന്തകൾ**

## ലാസലെറ്റ് ആധുനികതയുടെ 'ബേർല്ഹായ്റോയ്'

കാനാൻദേശത്തേക്കുള്ള യാത്രയിൽ ഈജിപ്തിൽ നിന്നും അബ്രഹാമിനും സാറായിക്കും ഒപ്പം കൂടിയ ദാസിയായിരുന്നു ഹാഗാർ. കാനാൻ ദേശത്ത് എത്തിയിട്ടും ദൈവം വാഗ്ദാനം ചെയ്ത സന്തതിപരമ്പര തന്നിൽ ഉറവപ്പൊട്ടാത്തതിനാൽ സാറായിയുടെ ആവശ്യപ്രകാരമാണ് അബ്രഹാം ഹാഗാറിനെ ഭാര്യയായി സ്വീകരിക്കുന്നത്. തന്റെ യജമാനത്തിക്ക് നൽകാൻ സാധിക്കാത്തത്

തനിക്കാവും എന്നറിയുന്ന ഹാഗാർ, സാറായിയോടു മോശമായി പെരുമാറി. അബ്രഹാമിന്റെ അനുവാദത്തോടെ സാറായി തന്റെ ‘അധികാരം’ ഹാഗാറിൽ പ്രയോഗിക്കുമ്പോൾ, യജമാനത്തിയിൽ നിന്നും അവൾ ഓടി രക്ഷപ്പെടുന്ന രംഗമാണ് നാം ദൈവവചനത്തിൽ വായിച്ചത്.

ദൈവദൂതൻ പ്രത്യക്ഷപ്പെട്ട്, ഹാഗാറിനെ അബ്രഹാമിന്റെ ഭാര്യയായ ഹാഗാറേ എന്നോ, ഈജിപ്തുകാരിയായ ഹാഗാറേ എന്നോ അല്ല വിളിക്കുന്നത്. പിന്നെയോ, ‘സാറായിയുടെ ദാസിയായ ഹാഗാറേ’ എന്നാണ്. ഈ വിളിയിലൂടെ ഇന്നത്തെ ഹാഗാറിനെ ദൈവദൂതൻ ഇന്നലത്തെ ഹാഗാറിനെ ഓർമ്മപ്പെടുത്തുകയാണ്. ‘മറവി’യാണ് ദൈവം മനുഷ്യനിൽ ആഗ്രഹിക്കാത്ത പാപം. തന്നിൽ ദൈവം കരുതിവെച്ചിരിക്കുന്ന വലിയ കാര്യങ്ങളെപ്പറ്റി അറിയുകയും, തന്റെ രോദനത്തിനു ദൈവം ഉത്തരം നൽകുകയും ചെയ്ത സ്ഥലത്തിനു, (നീരുറവയ്ക്കു) ഹാഗോർ ‘ബേർലഹായ്‌റോയ്’ എന്നു പേരിട്ടു. ‘എന്നെ കാണുന്ന സജീവദൈവത്തിന്റെ കിണർ’ എന്നാണതിനർത്ഥം.

പുതിയ യുഗത്തിൽ 1846 സെപ്തംബർ 19–ാം തീയതി ഫ്രാൻസ് രാജ്യത്തിലെ ഗ്രെനോബിൾ രൂപതയിൽപ്പെടുന്ന ‘ലാസലെറ്റ്’ മലയിൽ ഇന്നിന്റെ ‘ഹാഗാറിനായി’ (എനിക്കും, നിനക്കുമായി) പരി. അമ്മ ഇടയ പൈതങ്ങളായ മാക്സിമിനും (11) മെലനിക്കും (14) പ്രത്യക്ഷപ്പെട്ടു. ഹാഗാറിനോടു ദൈവദൂതൻ പറഞ്ഞതുപോലെ ഒരുപാട് ഓർമ്മപ്പെടുത്തലുകളാണ് മാനവരാശിയോട് അമ്മ അന്നു പറഞ്ഞത്. 175–ാം പ്രത്യക്ഷതിരുനാളിനായി നാം ഒരുങ്ങുമ്പോഴും, അമ്മയുടെ ഓർമ്മപ്പെടുത്തൽ ഇന്നും കാതുകളിൽ മുഴങ്ങുന്നു. ദൈവത്തെയും സഭയെയും സഹോദരങ്ങളെയും മറന്നുപോയ നമ്മെ കണ്ണീരോടെ അമ്മ, കടന്നുപോയ ദൈവത്തിന്റെ കാവൽവഴികളെ ഓർമ്മപ്പെടുത്തുന്നു. തിരുച്ചുവരവ് ദൈവത്തിന്റെ മടിത്തട്ടിലേക്കും സമൃദ്ധിയിലേക്കുമാണെന്ന് ലാസലെറ്റ് മാതാവ് കുഞ്ഞുങ്ങളോടു പറഞ്ഞു.

എല്ലാ കാലഘട്ടങ്ങളിലും ദൈവത്തെ മറന്ന ദൈവജനത്തിന്റെ ചരിത്രം വചനത്തിൽ പരാമർശിക്കപ്പെടുന്നു. മനുഷ്യൻ ദൈവത്തെ മറന്നതിന് പലകാരണങ്ങൾ ബൈബിൾ പണ്ഢിതൻമാർ നിരത്തുന്നു. പാപവും (ഉൽപത്തി 3, 8) നഷ്ടങ്ങളും (2 രാജ 6, 38) സഹനങ്ങളും രോഗങ്ങളും മഹാവ്യാധികളും (ജോബ് 2, 9) പിന്നെ ഏറുന്ന സമ്പത്തും സന്തോഷവും പോലും (ഹോസിയ. 13,6) ദൈവത്തെ മറക്കാനുള്ള കാരണങ്ങളായി, ലാസലെറ്റിൽ മാതാവു പ്രത്യക്ഷപ്പെട്ട കാലഘട്ടത്തിലും, ഇന്നും കാര്യങ്ങൾ മറിച്ചല്ല. വളർച്ചയുടെ വഴിയിൽ ‘മറവി’ എന്ന മനപൂർവ്വമായ രോഗത്താൽ ഉപേക്ഷിച്ചുകളഞ്ഞ കാവലും കരുണയുമായ ദൈവത്തെ വളർത്തിയ മാതാപിതാക്കളേയും, ജീവിതം ഇമ്പമാർന്നതാക്കിയ കുടുംബത്തേയും, കൂടെനിന്ന സൗഹൃദങ്ങളെയും തിരിച്ചറിയാനും ആ സ്നേഹവലയങ്ങളിലേക്കു തിരിച്ചുപോകുവാനും ആഹ്വാനം ചെയ്യുന്ന ഇന്നിന്റെ ‘ബേർലഹായ്‌റോയ്’ തന്നെയാണ് ‘ലാസലെറ്റ്’.

**വിചിന്തനം ചിന്തകൾ**

- അചിന്തനീയമായി കഴിഞ്ഞപോയി കൊ ിരിക്കുന്ന ഈ സാഹചര്യങ്ങളിൽ എന്റെ ദൈവവുമായുള്ള ബന്ധം എത്രമാത്രം ആഴപ്പെട്ടിരിക്കുന്നു.
- മനപൂർവ്വത്വമായ മറവിയാൽ ഞാൻ ഏതെങ്കിലും വ്യക്തികളെയോ, തിരുസഭയെയോ ജീവിതത്തിൽ ഒഴിച്ച് നിർത്തിയിട്ടു ാ?

**(നിശബ്ദത)**

## കാറോസൂസ

**ലീഡർ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ലീഡർ:** പ്രതികൂലമായ സാഹചര്യങ്ങളിലും, മഹാവ്യാധികളിലും സാമ്പത്തിക ഞെരുക്കങ്ങളിലും ദൈവത്തിലാശ്രയിക്കുവാനുള്ള കൃപ എല്ലാ വിശ്വാസികൾക്കും കുടുംബങ്ങൾക്കും നൽകണമേ എന്നു പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ,....

**ലീഡർ:** രാഷ്ട്രീയാധികാരികളെയും ഭരണാധിപൻമാരെയും സ്വജനപക്ഷപാതത്തിൽ നിന്നും, അഴിമതി ആക്രമങ്ങളിൽ നിന്നും അകലം പാലിച്ച് ജനനൻമക്കായി പ്രവർത്തിക്കാൻ അനുഗ്രഹിക്കണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ

**ലീഡർ:** വിശുദ്ധിയിലേക്കും നൻമയിലേക്കും ജീവിതം നയിക്കുവാൻ സഭാധികാരികളെയും അജപാലകരെയും സമർപ്പിതരെയും വിശ്വാസസമൂഹത്തെയും അനുഗ്രഹിക്കണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ

**ലീഡർ:** നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകൾ നമുക്ക് നിശബ്ദമായി സമർപ്പിക്കാം.

**ലീഡർ:** നമുക്ക് പ്രാർത്ഥിക്കാം.

കർത്താവേ സർവ്വശക്തനും ലോകനിയന്താവുമായ ദൈവമേ, പരി. ലാസലറ്റ് മാതാവിന്റെ ആഹ്വാനം സ്വീകരിച്ച്, എന്നെയും എന്റെ കുടുംബത്തെയും ഞങ്ങളുടെ കുറവുകളെയും രോദനങ്ങളെയും അറിയുന്ന സജീവനായ അങ്ങയുടെ സാന്നിദ്ധ്യത്തിലേക്കു തിരിച്ചുവരാനും, അങ്ങയിലുള്ള വിശ്വാസത്തിൽ ആഴപ്പെടാനുള്ള കൃപ നൽകി ഞങ്ങളെയും എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും ആമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേ□ി അപേക്ഷിക്കണമേ.

മാർയൗസേപ്പിതാവേ.................. ”

## സമാപനഗാനം

എത്രയും ദയയുള്ള മാതാവേ..........